ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05-05-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1.) കേരളത്തിൽ പത്ത് വർഷത്തെ ഇടവേളയ്ക്ക് ശേഷം UDF വീണ്ടും അധികാരത്തിലേക്ക്; മന്ത്രിസഭാ രൂപീകരണ നീക്കങ്ങൾ സജീവമാക്കാൻ കോൺഗ്രസ്.

**UDF returns to power in Kerala after a ten-year hiatus; Congress initiates active moves for cabinet formation.**

2.) കേരളത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഗവർണർക്ക് രാജി സമർപ്പിച്ചു; പുതുച്ചേരിയിലെ നിയമസഭാകക്ഷി നേതാവിനെ തെരഞ്ഞെടുക്കാൻ ബി.ജെ.പി കേന്ദ്ര നിരീക്ഷകരെ നിയമിച്ചു.

**In Kerala, the cabinet led by Chief Minister Pinarayi Vijayan submits its resignation to the Governor; BJP appoints central observers to elect the legislative party leader in Puducherry.**

3.) എൻഡിഎയ്ക്ക് ചരിത്രപരമായ വിജയം സമ്മാനിച്ച ജനങ്ങൾക്ക് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി; കൂട്ടായ്മയും കഠിനാധ്വാനവുമാണ് കേരളത്തിൽ യു ഡി എഫിനെ വിജയത്തിലേക്ക് എത്തിച്ചതെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി.

**Prime Minister Narendra Modi thanks the people for granting NDA a historic victory; Rahul Gandhi says unity and hard work led the UDF to victory in Kerala.**

4.) പശ്ചിമ ബംഗാളിലും അസമിലും ബിജെപിക്ക് വിജയം; തമിഴ്നാട്ടിൽ ചരിത്രം കുറിച്ച് നടൻ വിജയിയുടെ ടി വി കെ. പുതുച്ചേരിയിൽ എൻഡിഎ സഖ്യം.

**BJP victorious in West Bengal and Assam; Actor Vijay's TVK creates history in Tamil Nadu; NDA alliance wins in Puducherry.**

5.) യു.എ.ഇയിൽ ഇറാൻ ഡ്രോൺ ആക്രമണത്തെത്തുടർന്ന് തീപിടുത്തം; മൂന്ന് ഇന്ത്യക്കാർക്ക് പരിക്കേറ്റു.

**Fire breaks out in UAE following Iranian drone attack; three Indians injured.**

6.) ഐ.പി.എൽ ക്രിക്കറ്റിൽ ലക്നൗസൂപ്പർ ജയൻറ്സിനെതിരെ മുംബൈ ഇന്ത്യൻസിന് ആറ് വിക്കറ്റ് ജയം.

**In IPL Cricket: Mumbai Indians secure a six-wicket win over Lucknow Super Giants.**

&&&&&&&&&&&&&&&&&

## KERALA (INTRO)

കേരളത്തിൽ പത്ത് വർഷത്തെ ഇടവേളയ്ക്ക് ശേഷം UDF വീണ്ടും അധികാരത്തിലേക്ക്. നിയമസഭ തിരഞ്ഞെടുപ്പ് ഫലം പുറത്ത് വന്നപ്പോൾ ആകെയുള്ള 140 മണ്ഡലങ്ങളിൽ 102 സീറ്റുകളിലും മുന്നേറ്റം കാഴ്ചവച്ച് UDF വ്യക്തമായ മുന്നേറ്റമുണ്ടാക്കി. LDF 35 സീറ്റുകളാണ് നേടിയത്. എൻഡിഎ 3 സീറ്റ് നേടി. 2021 ലെ നിയമസഭ തിരഞ്ഞെടുപ്പിൽ നേടിയ 99 സീറ്റുകളിൽ നിന്നാണ് എൽഡിഎഫ് 35 സീറ്റിലേക്ക് ചുരുങ്ങിയത്. സിപിഐഎം 26 മണ്ഡലങ്ങളിലും, സിപിഐ 8 സീറ്റിലുമാണ് വിജയിച്ചത്. യുഡിഎഫിന് 41 സീറ്റ് മാത്രമായിരുന്നു 2021 ൽ ലഭിച്ചത്. കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, വയനാട് ജില്ലകളിൽ എല്ലാ സീറ്റിലും യുഡിഎഫ് വിജയിച്ചു. കോൺഗ്രസ് 63 സീറ്റിലും, മുസ്ലീം ലീഗ് 22 സീറ്റിലും മുന്നിലെത്തിയപ്പോൾ യുഡിഎഫ് ഘടകകക്ഷികളായ കേരള കോൺഗ്രസ് 7 സീറ്റിലും, RSP 3 മണ്ഡലങ്ങളിലും വിജയിച്ചു.

**വിശദാംശങ്ങളിലേക്ക്......**

(വോയ്സ്)
മുഖ്യമന്ത്രി പിണറായി വിജയൻ ധർമ്മടത്തു നിന്നും പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പറവൂരിൽ നിന്നും വിജയിച്ചു. എൽഡിഎഫിന്റെ മന്ത്രിമാരിൽ കൊട്ടാരക്കരയിൽ കെ.എൻ.ബാലഗോപാലും ബേപ്പൂരിൽ മുഹമ്മദ് റിയാസും നെടുമങ്ങാട് ജി.ആർ അനിലും ചെങ്ങന്നൂരിൽ സജി ചെറിയാനും ചേർത്തലയിൽ പി. പ്രസാദും ഒല്ലൂരിൽ കെ.രാജനും വിജയിച്ചു. മന്ത്രിമാരായ എം.ബി രാജേഷ്, കെ.ബി ഗണേഷ് കുമാർ, പി രാജീവ്, ആർ.ബിന്ദു, റോഷി അഗസ്റ്റിൻ, വീണാ ജോർജ്, വി.ശിവൻകുട്ടി, ഒ.അബ്ദുറഹിമാൻ, എ.കെ. ശശീന്ദ്രൻ, വി.എൻ വാസവൻ, ജെ.ചിഞ്ചുറാണി, ഒ.ആർ.കേളുവു എന്നിവർ പരാജയപ്പെട്ടു. കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ് പേരാവൂരിൽ നിന്നും മുതിർന്ന കോൺഗ്രസ് നേതാക്കളായ രമേശ് ചെന്നിത്തല ഹരിപ്പാടും കെ മുരളീധരൻ വട്ടിയൂർക്കാവിലും തിരുവഞ്ചൂർ രാധാകൃഷ്ണൻ കോട്ടയത്തും വിജയം നേടി. ജി സുധാകരൻ അമ്പലപ്പുഴയിൽ നിന്ന് വിജയിച്ചു. മുൻ മന്ത്രി കെ.കെ ശൈലജ പേരാവൂരിലും, ജോസ് കെ മാണി പാലായിലും പരാജയപ്പെട്ടു. യുഡിഎഫ് സ്ഥാനാർത്ഥി മുസ്ലീംലീഗിലെ പി.കെ.കുഞ്ഞാലിക്കുട്ടി മലപ്പുറത്ത് നിന്നും 85,000 ത്തിലേറെ വോട്ടിൻറെ റെക്കോർഡ് ഭൂരിപക്ഷത്തിൽ വിജയിച്ചു. പുതുപ്പള്ളിയിൽ ചാണ്ടി ഉമ്മൻ, തൃക്കാക്കരയിൽ ഉമ തോമസ്, തിരൂരങ്ങാടിയിൽ പി.എം.എ സമീർ, വള്ളിക്കുന്നിൽ റ്റി.വി ഇബ്രാഹിം, നിലമ്പൂരിൽ ആര്യാടൻ ഷൗക്കത്ത് തുടങ്ങിയവർ അൻപതിനായിരത്തിനുമുകളിൽ ഭൂരിപക്ഷം നേടി വിജയിച്ചു. നേമം, കഴക്കൂട്ടം, ചാത്തന്നൂർ മണ്ഡലങ്ങളിൽ എൻ ഡി എ അക്കൗണ്ട് തുറന്നു. മുൻ കേന്ദ്രമന്ത്രിമാരും എൻഡിഎ സ്ഥാനാർഥികളുമായ രാജീവ് ചന്ദ്രശേഖർ നേമത്തും വി. മുരളീധരൻ കഴക്കൂട്ടത്തും വിജയിച്ചു. ചാത്തന്നൂരിൽ ബി ബി ഗോപകുമാർ വിജയം നേടി. പാലക്കാട്, മഞ്ചേശ്വരം, കാസർഗോഡ് മണ്ഡലങ്ങളിൽ എൻ ഡി എ രണ്ടാം സ്ഥാനത്ത് എത്തി. തിരുവനന്തപുരം, ആറ്റിങ്ങൽ, തിരുവല്ല മണ്ഡലങ്ങളിലും രണ്ടാം സ്ഥാനം എൻ ഡി എ ക്കാണ്.
**ന്യൂസ് ഡെസ്ക് ആകാശവാണി......**

&&&&&&&&&&&&&&&&&

## MORN. TAMIL NADU RESULTS

തമിഴ് രാഷ്ട്രീയത്തിൽ പുതുചരിത്രം കുറിച്ച് നടൻ വിജയ്‌യുടെ രാഷ്ട്രീയ പാർട്ടിയായ തമിഴക വെട്രി കഴകം. രൂപീകരണത്തിന് ശേഷം നേരിട്ട ആദ്യ നിയമസഭാ തിരഞ്ഞെടുപ്പിൽ തന്നെ 108 സീറ്റുകൾ നേടി ടി.വി.കെ ഏറ്റവും വലിയ ഒറ്റക്കക്ഷിയായി. പാർട്ടി അധ്യക്ഷൻ വിജയ് മത്സരിച്ച പെരമ്പൂർ, തിരുച്ചി ഈസ്റ്റ് എന്നീ രണ്ട് മണ്ഡലങ്ങളിലും വൻ ഭൂരിപക്ഷത്തോടെ വിജയിച്ചു. എന്നാൽ മുഖ്യമന്ത്രിയും ഡി എം കെ നേതാവുമായ എം.കെ. സ്റ്റാലിൻ അദ്ദേഹത്തിന്റെ മണ്ഡലമായ കൊളത്തൂരിൽ പരാജയപ്പെട്ടു. ടി.വി.കെ സ്ഥാനാർത്ഥി വി.എസ്. ബാബു 8,700 വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് സ്റ്റാലിനെ പരാജയപ്പെടുത്തിയത്. അവിനാശി സംവരണ മണ്ഡലത്തിൽ കേന്ദ്രസഹമന്ത്രി എൽ.മുരുകനും ടി വി കെ സ്ഥാനാർത്ഥിയോട് പരാജയപ്പെട്ടു. 234 അംഗ നിയമസഭയിൽ ഭരണകക്ഷിയായ ഡി.എം.കെ 59 സീറ്റുകളിലൊതുങ്ങി. പ്രധാന പ്രതിപക്ഷമായ എ.ഐ.എ.ഡി.എം.കെ 47 സീറ്റുകളാണ് നേടിയത്. മറ്റ് പാർട്ടികളിൽ പി എം കെ 4 സീറ്റും, കോൺഗ്രസ് 5 സീറ്റും വിജയിച്ചപ്പോൾ, സിപിഐ എം 2 സീറ്റിലും, ബി ജെ പി ഒരു സീറ്റിലും വിജയിച്ചു.

&&&&&&&&&&&&&&&&&

## WEST BENGAL COUNTING

പശ്ചിമബംഗാളിൽ 293 മണ്ഡലങ്ങളിൽ ഔദ്യോഗിക ഫലം പുറത്തുവന്ന 292 മണ്ഡലങ്ങളിൽ 206 ഇടത്ത് മുന്നിലെത്തി ബിജെപി ഭരണമുറപ്പിച്ചു. തൃണമൂൽ കോൺഗ്രസ് 80 മണ്ഡലങ്ങളിലാണ് വിജയിച്ചത്. കോൺഗ്രസ്സും AJUP യും രണ്ട് സീറ്റിലും CPM ഉം AISF ഉം ഓരോ സീറ്റിലും വിജയിച്ചു. മുഖ്യമന്ത്രിയും TMC നേതാവുമായ മമത ബാനർജി ഭബാനിപൂർ മണ്ഡലത്തിൽ ബിജെപി സ്ഥാനാർഥിയായ സുവേന്ദു അധികാരിയോട് 15,000 ത്തിലേറെ വോട്ടുകൾക്ക് പരാജയപ്പെട്ടു. മുതിർന്ന കോൺഗ്രസ് നേതാവ് അധിർ രഞ്ജൻ ചൗധരി ബഹ്റാംപൂർ സീറ്റിൽ ബിജെപി സ്ഥാനാർത്ഥി സുബ്രദാ മൈത്രയോട് പരാജയപ്പെട്ടു.

&&&&&&&&&&&&&&&&&

## ASSAM RESULT

അസമിലും ബിജെപി അധികാരത്തിലേക്ക്. 126 സീറ്റുകളിൽ 101 ഇടത്ത് എൻഡിഎ സഖ്യം തുടർഭരണം ഉറപ്പിച്ചു. ബിജെപി 82 ഇടത്തും സഖ്യകക്ഷികളായ AGP യും പീപ്പിൾസ് ഫ്രണ്ടും 10 സീറ്റുകൾ വീതവും നേടി. കോൺഗ്രസ് 19ഉം എഐയുഡിഎഫ്, ആർജെആർഡി എന്നിവർ രണ്ട് വീതം സീറ്റും തൃണമൂൽ കോൺഗ്രസ് ഒരു സീറ്റും നേടി.

&&&&&&&&&&&&&&&&&

## PUDUCHERRY- RESULTS

പുതുച്ചേരിയിൽ 30 നിയമസഭാ മണ്ഡലങ്ങളിലെ വോട്ടെണ്ണലിൻറെ ഔദ്യോഗിക ഫലം പുറത്തുവരുമ്പോൾ NDA സഖ്യം 18 ഇടത്ത് വിജയിച്ചു. AINRC 12 സീറ്റ് നേടി. LJK, ADMK, NYMK എന്നിവർ ഓരോ സീറ്റിലും വിജയിച്ചു. DMK അഞ്ച് ഇടത്തും BJP നാല് ഇടത്തും TVK രണ്ട് ഇടത്തും കോൺഗ്രസ്, ഒരിടത്തും വിജയിച്ചു.

&&&&&&&&&&&&&&&&&

## BJP OBSERVERS PUDHUCHERY

പുതുച്ചേരിയിലെ നിയമസഭാകക്ഷി നേതാവിനെ തെരഞ്ഞെടുക്കുന്നതിൻറെ ഭാഗമായി ബി.ജെ.പി കേന്ദ്ര നിരീക്ഷകരെ നിയമിച്ചു. കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ,നിർമ്മൽകുമാർ സുരാന എന്നിവരെയാണ് നിയമിച്ചത്.

&&&&&&&&&&&&&&&&&

## PRIME MINISTER

എൻഡിഎയ്ക്ക് ചരിത്രപരമായ വിജയം സമ്മാനിച്ച പുതുച്ചേരി, പശ്ചിമ ബംഗാൾ, അസം, തമിഴ്നാട്, കേരളം എന്നിവിടങ്ങളിലെ ജനങ്ങൾക്കും പാർട്ടി പ്രവർത്തകർക്കും നന്ദി അറിയിച്ച് പ്രധാനമന്ത്രിയും പാർട്ടിയുടെ മുതിർന്ന നേതാവുമായ നരേന്ദ്രമോദി. രാജ്യത്തിന് ഒരു പുതിയ പ്രഭാതം ആശംസിക്കുന്നതായും പ്രധാനമന്ത്രി ഡൽഹിയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&

## RAHUL GANDHI – KERALAM

നിയമസഭാ തെരഞ്ഞെടുപ്പിൽ യു ഡി എഫിനെ മികച്ച ഭൂരിപക്ഷത്തിൽ വിജയിപ്പിച്ച കേരളത്തിലെ ജനങ്ങൾക്ക് നന്ദി അറിയിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. കൂട്ടായ്മയും കഠിനാധ്വാനവുമാണ് യു ഡി എഫിനെ വിജയത്തിലേക്ക് എത്തിച്ചതെന്നും രാഹുൽ ഗാന്ധി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

**BYE ELECTION**

അഞ്ചു സംസ്ഥാനങ്ങളിലെ ഏഴു നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണലും ഇന്നലെ നടന്നു. ഗുജറാത്തിലെ ഉംറേട്, മഹാരാഷ്ട്രയിലെ രാഹുരി , നാഗാലാൻഡിലെ കൊറിഡാങ് , ത്രിപുരയിലെ ധർമ നഗർ എന്നിവിടങ്ങളിൽ BJP വിജയിച്ചു. കർണാടകയിലെ ബാഗൽകോട്ട്, ദാവൻഗെരെ സൗത്ത് എന്നിവിടങ്ങളിൽ കോൺഗ്രസ് ജയിച്ചു. മഹാരാഷ്ട്രയിലെ ബാരാമതിയിൽ
എൻ സി പി വിജയിച്ചു.

&&&&&&&&&&&&&&&&&

**CM RESIGNS**

മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഗവർണർക്ക് രാജി സമർപ്പിച്ചു. രാജി അംഗീകരിച്ച ഗവർണർ പുതിയ ക്രമീകരണങ്ങൾ ഉണ്ടാകുന്നതുവരെ മുഖ്യമന്ത്രിയോട് തുടരാൻ നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&

**CABINET (INTRO)**

കേരളത്തിൽ മന്ത്രിസഭാ രൂപീകരണ നീക്കങ്ങൾ ഇന്നു സജീവമാകും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയ്സ്)

&&&&&&&&&&&&&&&&&

**IRAN STRIKES FUJAIRAH**

യു.എ.ഇയിൽ ഇറാൻ്റെ ഡ്രോൺ ആക്രമണത്തെത്തുടർന്ന് തീപിടുത്തം. ഇന്നലെ ഫുജൈറ ഓയിൽ ഇൻഡസ്ട്രി സോണിന് നേരെയാണ് ആക്രമണമുണ്ടായത്. യു.എ.ഇ ലക്ഷ്യമാക്കി വന്ന 12 ബാലിസ്റ്റിക് മിസൈലുകളും, 4 ഡ്രോണുകളും, 3 ക്രൂയിസ് മിസൈലുകളും വിജയകരമായി തടഞ്ഞതായി യു എ ഇ പ്രതിരോധ മന്ത്രാലയം സ്ഥിരീകരിച്ചു. ആക്രമണത്തിൽ പരിക്കേറ്റ മൂന്ന് ഇന്ത്യൻ പൗരന്മാരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവരുടെ ആരോഗ്യനില തൃപ്തികരമാണെന്നും പ്രാദേശിക അധികൃതരുമായി നിരന്തരം ബന്ധപ്പെട്ടുവരികയാണെന്നും അബുദാബിയിലെ ഇന്ത്യൻ എംബസി അറിയിച്ചു. അതേസമയം ഇറാൻ്റെ നടപടി അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമാണെന്ന് യു.എ.ഇ വിദേശകാര്യ മന്ത്രാലയം പ്രതികരിച്ചു. സുരക്ഷാ സാഹചര്യം കണക്കിലെടുത്ത് യു എ ഇ യിലെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും വെള്ളിയാഴ്ച വരെ അടച്ചു.

&&&&&&&&&&&&&&&&&

## OIL PRICES JUMP

ഗൾഫിൽ സംഘർഷം കടുക്കുന്നതിനിടെ ആഗോള വിപണിയിൽ എണ്ണവില കുതിച്ചുയർന്നു. തിങ്കളാഴ്ച എണ്ണവില ഏകദേശം 6 ശതമാനത്തോളമാണ് ഉയർന്നത്. ഇതോടെ ബ്രെൻ്റ് ക്രൂഡ് ബാരലിന് 6.27 ഡോളർ വർധിച്ച് 114.44 ഡോളറിലെത്തി.

&&&&&&&&&&&&&&&&&

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മൽസരത്തിൽ മുംബൈ ഇന്ത്യൻസ് ലക്നൗസൂപ്പർ ജയൻറ്സിനെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി. ലക്നൗ ഉയർത്തിയ 229 റൺസ് വിജയലക്ഷ്യം 18.4 ഓവറിൽ മുംബൈ മറികടക്കുകയായിരുന്നു. ഇത്തോടെ മുംബൈ ആറാം സ്ഥാനത്തേക്ക് എത്തി.

&&&&&&&&&&&&&&&&&

## MORN. CBI- NAVAS FUGITIVE

സാമ്പത്തിക കുറ്റകൃത്യങ്ങളിൽ പ്രതിയായി രാജ്യം വിട്ട പിടികിട്ടാപ്പുള്ളി മുഹമ്മദ് നവാസ് കക്കാട്ട് ഇസ്മായിലിനെ

യു.എ.ഇയിൽ നിന്ന് ഇന്ത്യയിലെത്തിച്ചു. വിദേശകാര്യ മന്ത്രാലയം, ആഭ്യന്തര മന്ത്രാലയം എന്നിവയുടെ സഹകരണത്തോടെ സി.ബി.ഐ ആണ് പ്രതിയെ ഇന്ത്യയിൽ തിരികെ എത്തിച്ചത്. ഭീഷണിപ്പെടുത്തി പണം തട്ടൽ, വിശ്വാസവഞ്ചന, രേഖകൾ ചമയ്ക്കൽ, ആൾമാറാട്ടം തുടങ്ങിയ കുറ്റങ്ങൾ ചുമത്തി ഡൽഹി പോലീസാണ് ഇയാൾക്കെതിരെ കേസെടുത്തിരുന്നത്. സി.ബി.ഐയുടെ റെഡ് നോട്ടീസിനെത്തുടർന്ന് യു.എ.ഇയിൽ പിടിയിലായ ഇയാളെ ഇന്നലെ ഡൽഹി വിമാനത്താവളത്തിൽ എത്തിച്ചു. തുടർന്ന് ഡൽഹി പോലീസ് പ്രതിയെ കസ്റ്റഡിയിലെടുത്തു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&